©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2026 മാർച്ച് 17
17th March 2026
1201 മീനം 3
3rd Meenam 1201
1947 ഫാൽഗുനം 26
26th Phalguna 1947

നമ്പർ
No.
1257

കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ബി) വകുപ്പ്

വിജ്ഞാപനം

നമ്പർ 103/ലെഗ്. ബി1/2024/നിയമം.

തിരുവനന്തപുരം, 2026 മാർച്ച് 16
1201 മീനം 2
1947 ഫാൽഗുനം 25.

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2026 മാർച്ച് 16-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജി. സനൽ കുമാർ,
നിയമ സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2026-ലെ 10-ാം ആക്റ്റ്

2026-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ്

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2026-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ബോർഡ്" എന്നാൽ 2002-ലെ ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്റ്റിലെ (2003-ലെ 18-ാം കേന്ദ്ര ആക്റ്റ്) 22-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ടതും 2008-ലെ കേരള ബയോളജിക്കൽ ഡൈവേഴ്സിറ്റി റൂൾസ് പ്രകാരം പ്രവർത്തിച്ചുവരുന്നതുമായ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ബി) "പബ്ലിക് സർവ്വീസ് കമ്മീഷൻ" എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു;

(സി) "സർവ്വീസുകൾ" എന്നാൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ എന്നർത്ഥമാകുന്നു .

3. ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലകൾ.—(1) ബോർഡിന്റെ സർവ്വീസിൻകീഴിലുള്ള തസ്തികകളിൽ നേരിട്ടുള്ള നിയമനം വഴി ജീവനക്കാരെ നിയമിക്കുന്നതിനുള്ള ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പ് പട്ടിക തയ്യാറാക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയായിരിക്കുന്നതാണ്.

(2) ബോർഡ്, പബ്ലിക് സർവ്വീസ് കമ്മീഷനുമായി,—

(എ) ബോർഡിന്റെ സർവ്വീസുകളിൻകീഴിലുള്ള തസ്തികകളിലേക്കുള്ള നിയമനക്രമവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും;

(ബി) ബോർഡിന്റെ സർവ്വീസുകളിൻകീഴിലുള്ള തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം വഴി നിയമനം നടത്തുന്നതിൽ അനുവർത്തിക്കേണ്ട തത്ത്വങ്ങളിന്മേലും അങ്ങനെയുള്ള നിയമനങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും,

കൂടിയാലോചിക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരം തങ്ങളുമായി കൂടിയാലോചിക്കപ്പെടുന്ന ഏതൊരു കാര്യത്തിന്മേലും ഉപദേശം നൽകേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ്:

എന്നാൽ, പൊതുവായതോ ഏതെങ്കിലും പ്രത്യേക സംഗതിയിലോ പ്രത്യേക വിഭാഗം സംഗതികളിലോ പ്രത്യേക സാഹചര്യങ്ങളിലോ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുന്ന ചട്ടങ്ങൾ സർക്കാരിന് ഉണ്ടാക്കാവുന്നതാണ്.

(4) പബ്ലിക് സർവ്വീസ് കമ്മീഷനും ബോർഡും തമ്മിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമുള്ളപക്ഷം, ബോർഡ് അക്കാര്യം സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും, അതിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ, സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി ഒരു തീരുമാനം എടുക്കുന്നതിനുമുൻപ് ആ കാര്യം പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.

4. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി, പബ്ലിക് സർവ്വീസ് കമ്മീഷനുമായും ബോർഡുമായും കൂടിയാലോചിച്ച്, ഗസറ്റ് വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ,—

(എ) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്നതിന് ബോർഡ് അനുവർത്തിക്കേണ്ട നടപടിക്രമം;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത ഏതെങ്കിലും കാര്യം;

(സി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ട ഉദ്ദേശ്യത്തിന് ആനുഷംഗികമോ ആവശ്യമോ ആയ ഏതെങ്കിലും കാര്യം;

എന്നിവ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റിൻകീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായി രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിന്നാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

Law (Legislation-B) Department

NOTIFICATION

No. 103/Leg.B1/2024/Law. *Dated, Thiruvananthapuram, 16th March, 2026*
2nd Meenam, 1201
25th Phalguna, 1947.

In pursuance of clause (3) of Article 348 of the Constitution of India, the Governor is pleased to authorise the publication in the Gazette of the following translation in English Language of the Kerala Public Service Commission (Additional Functions as respects the services under the Kerala State Biodiversity Board) Act, 2026 (Act 10 of 2026).

By order of the Governor,

K. G. SANAL KUMAR,
Law Secretary.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2026-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ്" published under the authority of the Governor.]

ACT 10 OF 2026

THE KERALA PUBLIC SERVICE COMMISSION (ADDITIONAL FUNCTIONS AS RESPECTS THE SERVICES UNDER THE KERALA STATE BIODIVERSITY BOARD) ACT, 2026

An Act to provide for the exercise of certain additional functions by the Kerala Public Service Commission as respects the services under the Kerala State Biodiversity Board.

Preamble.—WHEREAS, it is expedient to provide for the exercise of certain additional functions by the Kerala Public Service Commission as respects the services under the Kerala State Biodiversity Board;

BE it enacted in the Seventy-seventh Year of the Republic of India as follows:—

1. *Short title and commencement*.—(1) This Act may be called the Kerala Public Service Commission (Additional Functions as respects the services under the Kerala State Biodiversity Board) Act, 2026.

(2) It shall come into force on such date as the Government may, by notification in the Gazette, appoint.

2. *Definitions*.—In this Act, unless the context otherwise requires,—

(a) "Board" means the Kerala State Biodiversity Board established under section 22 of the Biological Diversity Act, 2002 (Central Act 18 of 2003) and functioning as per the Kerala Biological Diversity Rules, 2008;

(b) "Public Service Commission" means the Kerala Public Service Commission;

(c) "Services" means the services under the Kerala State Biodiversity Board.

3. *Functions of the Public Service Commission in respect of services under the Board*.—(1) It shall be the duty of the Public Service Commission to prepare the select list of

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

candidates for appointment of employees by direct recruitment to the posts under the services of the Board.

(2) The Board shall consult the Public Service Commission,—

(a) on all matters relating to method of recruitment to the posts under the services of the Board;

(b) on the principles to be followed in making appointments by direct recruitment to the posts under the services of the Board and on the suitability of candidates for such appointments.

(3) It shall be the duty of the Public Service Commission to render advice on any matter consulted to them under sub-section (2):

Provided that the Government may make rules specifying the matters in which, either generally or in any particular case or in particular class of cases or in any particular circumstances, it shall not be necessary for the Public Service Commission to be consulted.

(4) In case of any difference of opinion between the Public Service Commission and the Board, the Board shall refer the matter to the Government and the decision of the Government thereon shall be final:

Provided that the Government shall, before taking a decision against the advice of the Public Service Commission, refer the matter to the Public Service Commission.

4. *Power to make rules*.—(1) The Government may, in consultation with the Public Service Commission and the Board, by notification in the Gazette, make rules for carrying out the purposes of this Act.

(2) In particular, and without prejudice to the generality of the foregoing power, such rules may provide for,—

(a) the procedure to be followed by the Board for consultation with the Public Service Commission;

(b) any matter in respect of which it shall not be necessary to consult the Public Service Commission;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(c) any matter which is incidental to or necessary for the purpose of consultation with the Public Service Commission.

(3) Every rule made under this Act shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be; so however that any such modification or annulment shall be without prejudice to the validity of anything previously done under that rule.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.17 06:57:30 +05:30